പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1523 | 16-10-2026-ൽ മറുപടിയ്ക്ക്

<u>നെടുപുഴ ഗവൺമെന്റ് വിമൻസ് പോളിടെക്നിക് കോളേജിനാവശ്യമായ സ്ഥിരം തസ്തികകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. കെ. രാജൻ | ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ മണ്ഡലത്തിലെ നെടുപുഴ ഗവൺമെന്റ് വിമൻസ് പോളിടെക്നിക് കോളേജിൽ ആരംഭിച്ച സിവിൽ എൻജിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എത്ര വിദ്യാർത്ഥിനികൾ പഠിച്ചുവരുന്നുണ്ടെന്നും പ്രസ്തുത വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സ്ഥിരം അധ്യാപക-അനധ്യാപക തസ്തികകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

<u>**മറുപടി:**</u> നെടുപുഴ സർക്കാർ വനിതാ പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആകെ 155 വിദ്യാർഥികൾ പഠിക്കുന്നു. ടി സ്ഥാപനം ആരംഭിക്കുമ്പോൾ താൽകാലിക അദ്ധ്യാപകരെ നിയമിച്ച് കൊണ്ട് പ്രവർത്തിക്കണമെന്ന് വ്യവസ്ഥ ഉണ്ടായിരുന്നതിനാൽ സ്ഥിര അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

**(ബി)** പ്രസ്തുത വിഭാഗത്തിന് ആവശ്യമായ സ്ഥിരം അധ്യാപക-അനധ്യാപക തസ്തികകൾ നിലവിൽ അനുവദിച്ചിട്ടില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമൂലം അക്കാദമിക പ്രവർത്തനങ്ങളിലോ വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങളിലോ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

<u>**മറുപടി:**</u> ഉണ്ട്. അക്കാദമിക് പ്രവർത്തനങ്ങളിലോ, വിദ്യാർഥികളുടെ പഠന സൗകര്യങ്ങളിലോ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടില്ല.

**(സി)** സിവിൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> തൃശ്ശൂർ നെടുപുഴ സർക്കാർ വനിതാ പോളിടെക്നിക് കോളേജിൽ ഗസ്റ്റ് ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി പ്രവർത്തിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലാണ് സ.ഉ(സാധാ)നം.66/2021/ഉ.വി.വ തീയതി 12.01.2021 പ്രകാരം സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നത്. തൃശ്ശൂർ വനിതാ പോളിടെക്നിക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലേയ്ക്ക് 1 വകുപ്പുമേധാവി തസ്തികയും 5 ലക്ചറർ

തസ്തികയും സ്ഥിരമായി അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് നിരസിച്ചിരുന്നു .

**(ഡി)** വിദ്യാർത്ഥിനികളുടെ പഠനസൗകര്യവും കോഴ്സിന്റെ അക്കാദമിക നിലവാരവും ഉറപ്പാക്കുന്നതിനായി നെടുപുഴ ഗവൺമെന്റ് വിമൻസ് പോളിടെക്നിക് കോളേജിലെ സിവിൽ എൻജിനീയറിംഗ് വിഭാഗത്തിനാവശ്യമായ സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** തൃശ്ശൂർ നെടുപുഴ സർക്കാർ വനിതാ പോളിടെക്നിക് കോളേജിൽ ഗസ്റ്റ് ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി പ്രവർത്തിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലാണ് സ.ഉ(സാധാ)നം.66/2021/ഉ.വി.വ തീയതി 12.01.2021 പ്രകാരം സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നത്. തൃശ്ശൂർ വനിതാ പോളിടെക്നിക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലേയ്ക്ക് 1 വകുപ്പുമേധാവി തസ്തികയും 5 ലക്ചറർ തസ്തികയും സ്ഥിരമായി അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് നിരസിച്ചിരുന്നു .

**സെക്ഷൻ ഓഫീസർ**